# ചിന്ത

മാർച്ച് 2024 ₹ 10.00

Chintha Pusthakavartha

# പുസ്തകവാർത്ത

50 YEARS



## "Finish the job. But do it kindly"

How to think about Empire

Arundhati Roy

പരകാല പ്രഭാകർ
ബിപൻ ചന്ദ്ര
ഇലാൻ പപ്പേ
പ്രബീർ പുർകായസ്ത

ജനകീയ പ്രസാധനത്തിന്റെ അരനൂറ്റാണ്ട്

**തിരുവനന്തപുരം ഗവൺമെന്റ് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ.43**

പുളിമൂട്, തിരുവനന്തപുരം 0471-2470893, 8304059808, tgecs1918@gmail.com

ബ്രാഞ്ച്: കഴക്കൂട്ടം 8547946808 tgecskazhakoottam@gmail.com

**ഉടൻ ആരംഭിക്കുന്നു...**

**മെയിൻ ബ്രാഞ്ചിലും, കഴക്കൂട്ടം ബ്രാഞ്ചിലും**

**അഡ്വാൻസ് MDS**

**10,000 x 50 = 5,00,000/-**

**ആകർഷകമായ പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പ നൽകുന്നു.**

**105 വർഷം പ്രവർത്തന പാരമ്പര്യമുള്ള ഒരു സ്പെഷ്യൽ ഗ്രേഡ് സ്ഥാപനം**



## നീതി മെഡിക്കൽ സ്റ്റോർ

സംഘാംഗങ്ങൾക്കും നാട്ടുകാർക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും MRPയേക്കാൾ കുറഞ്ഞനിരക്കിൽ ലഭിക്കുന്നു.

## അംഗങ്ങൾക്ക് നൽകുന്ന വിവിധതരം വായ്പകൾ

| | | | |
|---|---|---|---|
| ഭവനനിർമ്മാണ വായ്പ, വസ്തുജാമ്യ വായ്പ | - | 50 ലക്ഷം രൂപവരെ | 120 മാസം |
| സാധാരണ വായ്പ | - | 20 ലക്ഷം രൂപവരെ | 120 മാസം |
| എമർജൻസി വായ്പ | - | 3 ലക്ഷം രൂപവരെ | 40 മാസം |
| വാഹന വായ്പ | - | 5 ലക്ഷം രൂപവരെ | 120 മാസം |
| ഹയർ പർച്ചേസ് വായ്പ | - | 2 ലക്ഷം രൂപവരെ | 60 മാസം |



**50000, 1 ലക്ഷം, 2 ലക്ഷം, 5 ലക്ഷം രൂപ സലകളുള്ള**

**പ്രതിമാസ നിക്ഷേപ പദ്ധതികൾ (MDS) ഉടൻ ആരംഭിക്കുന്നു.**

MDS **പിടിച്ചാൽ അടുത്ത ദിവസം തന്നെ തുക കൈപ്പറ്റുന്നതിനുള്ള സൗകര്യം ലഭ്യമാണ്.**

**ആകർഷകമായ പലിശനിരക്കിൽ വിവിധ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.**

**ലോക്കർ സൗകര്യം**

**അജിത് സേവ്യർ വർഗീസ്**, പ്രസിഡന്റ്

**അജിത് കുമാർ കെ**, സെക്രട്ടറി

ചിന്തയ്ക്കൊപ്പം
ചിന്തിക്കൂ

## ഉള്ളടക്കം


06 പോരാട്ടം തുടരുക
**പ്രബീർ പുർകായസ്ത**

09 ഇസ്രയേൽ: മിത്തും യാഥാർത്ഥ്യവും
**ഇലാൻ പപ്പേ**

10 വർഗീയത
**ബിപൻ ചന്ദ്ര**

13 ലെനിനിസവും
ഇന്ത്യൻ വിപ്ലവത്തിന്റെ കാഴ്ചപ്പാടും
**ഇ എം എസ്**

15 ആൾരൂഢം വളഞ്ഞ നവ ഇന്ത്യ
**പരകാല പ്രഭാകർ**

17 സമലോകം ജന്ററിനെക്കുറിച്ചൊരു
പാഠപുസ്തകം
എഡിറ്റേഴ്സ്
**സൂസി താരു, എ സുനീത,**
**ഉമാ മഹേശ്വരി ബൃഹബണ്ട**

19 സിനിമയും ദേശീയതയും
സ്വപ്നവില്പനയുടെ 75 വർഷങ്ങൾ
**ഡോ. എൻ പി സജീഷ്**

22 ലൈംഗികമായി വിമോചിതയായ ഒരു
കമ്യൂണിസ്റ്റ് വനിതയുടെ ആത്മകഥ
**അലക്സാൻഡ്ര കൊല്ലന്തായ്**

25 ഇ എം എസ് അടയാളങ്ങൾ
**ജയിൽജീവിതം**


പുസ്തകപ്രസാധനത്തിൽ
അനുകരിക്കാനാകാത്ത
അടയാളങ്ങൾ

# ചിന്ത പുസ്തകവാർത്ത


പുസ്തകം 27 • ലക്കം 3 • മാർച്ച് 2024



അരുന്ധതി റോയി


“നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ പ്രതിഫലേച്ഛയ്ക്കായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയ ഹത്യകളും, വംശീയശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു. അതേ സമയം സമ്പത്തിന്റെ കേന്ദ്രീകരണം ഏതാനും പേരിലേക്ക് ചുരുങ്ങിച്ചുരുങ്ങി വരുന്നു.”


അലക്സാൻഡ്ര കൊല്ലന്തായ്

“തിരിഞ്ഞുനോക്കുമ്പോഴും ഭാവിയിലേക്കു നോക്കുമ്പോഴുമുള്ള എന്റെ നിലനിൽപ്പിന്റെയും നേട്ടങ്ങളുടെയും ഏറ്റവും നിർണ്ണായകനിമിഷങ്ങളെ എനിക്കു വേണ്ടികൂടിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഈ നിലയ്ക്ക്, സ്ത്രീകളുടെ വിമോചനസമരത്തെക്കുറിച്ചും അതിലുപരി അതിനുള്ള സാമൂഹികമായ പ്രാധാന്യത്തെക്കുറിച്ചും കൂടുതൽ വ്യക്തത നല്കുന്നതിൽ ഞാൻ വിജയിച്ചേക്കാം.”


ബിപൻ ചന്ദ്ര

“വർഗ്ഗീയതയെ ഒരു പ്രത്യയശാസ്ത്രം അല്ലെങ്കിൽ വിശ്വാസ സംഹിതയായി കാണുന്നതുകൊണ്ട് ഒരു നേട്ടമുണ്ട്. അപ്പോൾ ഒരു വർഗ്ഗീയതയെ മറ്റൊന്നിൽനിന്നും നമ്മൾ വേർതിരിക്കില്ല; ഒരേ പ്രത്യയശാസ്ത്രത്തിന്റെ വൈവിധ്യങ്ങളായിട്ടാണ് എല്ലാ വർഗ്ഗീയതകളെയും കാണുന്നത്. ഒരൊറ്റ പ്രത്യയശാസ്ത്രത്തിന്റെ ഹിന്ദു, മുസ്ലീം, സിഖ് അല്ലെങ്കിൽ ക്രിസ്ത്യൻ രൂപാന്തരം അല്ലെങ്കിൽ ആവിഷ്കാരമാണ് യഥാർത്ഥത്തിൽ വർഗ്ഗീയത. വർഗ്ഗീയതയുടെ ഈ രൂപാന്തരങ്ങളെല്ലാം ഒരേ സമയത്ത് എതിർക്കപ്പെടേണ്ടവയാണ്.”


ഡോ. ടി എം തോമസ് ഐസക്

“പൊതുമേഖലയെ സംരക്ഷിക്കുന്നതിന് ഒറ്റമാർഗ്ഗമേയുള്ളൂ. ബി ജെ പി തോൽക്കണം. ഇന്ത്യാ ബ്ലോക്ക് അധികാരത്തിൽ വരണം. പക്ഷേ, കോൺഗ്രസാണ് സ്വകാര്യവൽക്കരണത്തിനു തുടക്കമിട്ടത്. അതുകൊണ്ട് ഒന്നാം യു പി എ സർക്കാരിന്റെ കാലത്തെന്നപോലെ ശക്തമായ ഇടതുപക്ഷ സാന്നിദ്ധ്യം പാർലമെന്റിൽ അനിവാര്യമാണ്.”


**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം
പിൻ 695 035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com


ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

Search Tag #chinthapublishers

# എഡിറ്റോറിയൽ

## വാക്കുകളെ അരിഞ്ഞു വീഴ്ത്തുന്നവർ


രാജ്യത്തെ ഏറ്റവും പ്രധാന ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൊന്നായ ന്യൂസ്ക്ലിക്കിന്റെ ഓഫീസ് ഡൽഹി പോലീസ് അടച്ചുപൂട്ടി സ്ഥാപക എഡിറ്റർ പ്രബീർ പുർകായസ്ഥയെ യു എ പി എ ചുമത്തി തടവിലടച്ചിട്ട് അഞ്ചു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ചൈനീസ് അനുകൂല വാർത്തകൾ പ്രചരിപ്പിച്ചു വന്നതാണ് പ്രബീറിനെതിരായ കുറ്റം. ഇതോടൊപ്പം മോദി സർക്കാരിനെതിരെ നിരന്തരം എഴുതിക്കൊണ്ടിരുന്ന ഒരു സംഘം മുതിർന്ന മാധ്യമപ്രവർത്തകരെയും അറസ്റ്റു ചെയ്തു തടവിലടച്ചു. കഴിഞ്ഞ ഏതാനും മാസങ്ങളായി രാജ്യത്തെ ഭരണകക്ഷിയുടെ നയങ്ങളെ വിമർശിക്കുന്ന പ്രധാന ഓൺലൈൻ മാധ്യമങ്ങളുടെ ഓഫീസുകളിലെല്ലാം കേന്ദ്ര ഏജൻസികൾ കയറിയിറങ്ങിക്കൊണ്ടിരിക്കുകയാണ്. ന്യൂസ് ലോൺഡ്രി, ദൈനിക് ഭാസ്കർ, ഭാരത് സമാചാർ, ദി വയർ തുടങ്ങിയവയൊക്കെ ഇതിൽ പെടും. മോഡി വിരുദ്ധ ഡോക്യുമെന്ററി പ്രദർശിപ്പിച്ചു എന്ന പേരിൽ ബി ബി സി ക്കെതിരെ സമീപകാലത്ത് നടത്തിയ നീക്കങ്ങൾ ഇതിനൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. എൻ ഡി ടി വി യുടെ നിയന്ത്രണം കേന്ദ്ര ഭരണകൂടത്തിന്റെ ഉറ്റതോഴനായ അദാനി കൈപ്പിടിയിലാക്കിയത് ഏതാനും മാസങ്ങൾക്ക് മുൻപാണ്. സഖാവ് സീതാറാം യെച്ചൂരിയുടെ വീട്ടിൽ നടത്തിയ റെയ്ഡ്, സി പി എം ഡൽഹിയിൽ നടത്തുന്ന പഠന ക്ലാസും വർക്ഷോപ്പും തടയാൻ ഡൽഹി പോലീസ് എത്തിയത് ഇതെല്ലാം ഈ രാജ്യം എങ്ങോട്ടു സഞ്ചരിക്കുന്നു എന്നതിന്റെ കൃത്യമായ സൂചനകളാണ്.

ഈ രാജ്യത്ത് ഉയരുന്ന എതിർ ശബ്ദങ്ങളെ ഒന്നാകെ അടിച്ചമർത്താൻ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണീ നീക്കങ്ങൾ എന്നത് പകൽ പോലെ വ്യക്തമാണ്. പണമിറക്കി നിയന്ത്രണം കൈക്കലാക്കുവാൻ കഴിയുന്നവയെ അങ്ങിനെ കൈകാര്യം ചെയുക, പോലീസിനെയിറക്കി പൂട്ടി കെട്ടാൻ പറ്റുന്നവയെ ആ വഴിക്ക് വീഴ്ത്തുക. കേന്ദ്രം ഭരിക്കുന്നവരുടെ നേതൃത്വത്തിൽ പരസ്യമായി ഈ രാജ്യത്ത് ഇന്ന് അരങ്ങേറുന്ന കാര്യങ്ങളാണിത്. സംഘപരിവാറിന്റെ അജണ്ടകൾക്കൊപ്പം നിൽക്കാത്തവരെല്ലാം രാജ്യദ്രോഹികളോ ദേശ വിരുദ്ധരോ ആയി മുദ്ര കുത്തപ്പെടുകയാണ്. ദേശീയത ഏറ്റവും വലിയ രാഷ്ട്രീയായുധങ്ങളിലൊന്നാണ് എന്ന് സംഘ്പരിവാറിനറിയാം. മഹത്തായ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് അതിൽ ഒരു തുള്ളി വിയർപ്പോ ചോരയോ ഉകാൻ തയ്യാറാകാതിരുന്ന കൂട്ടർ ഇന്ന് ഇന്ത്യൻ ദേശീയതയുടെ വക്താക്കളായി രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നത് ഇതിനാലാണ്.

വൻ മൂലധനമിറക്കി കച്ചവട താല്പര്യത്തോടെ മാത്രം നടത്തപ്പെടുന്ന മുഖ്യധാരാ മാധ്യമങ്ങൾ ഇത് കണ്ടില്ലയെന്നു നടിക്കുകയാണ്. ജനകീയ താല്പര്യങ്ങൾ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന മാധ്യമ ലോകവും മാധ്യമ പ്രവർത്തകരും ഒറ്റക്കെട്ടായി ഇതിനെ ചെറുത്തു തോല്പിക്കേണ്ടിയിരിക്കുന്നു. അടിയന്തിരാവസ്ഥയുടെ നാളുകളിൽ മിസാ നിയമം ഉപയോഗിച്ചും മോദി ഭരണത്തിന്റെ നാളുകളിൽ ദേശദ്രോഹിയായി മുദ്രകുത്തപ്പെട്ടും തടങ്കലിലാക്കപ്പെട്ട പ്രബീർ പുർകായസ്ഥയുടെ ഓർമക്കുറിപ്പുകൾ ചിന്ത പുറത്തിറക്കിയത് ഈ വിശാലമായ രാഷ്ട്രീയ ലക്ഷ്യത്തെ കൂടി മുൻ നിർത്തിയാണ്. ▯

# അരുന്ധതി റോയിയുടെ

## ഏറ്റവും പുതിയ പുസ്തകം ചിന്ത പബ്ലിഷേഴ്സിലൂടെ ഇംഗ്ലീഷ് / മലയാളം ഭാഷകളിൽ




₹240

## കനിവോടെ കൊല്ലുക

## സാമ്രാജ്യത്തെക്കുറിച്ച് എങ്ങനെയൊക്കെ ചിന്തിക്കാം

നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയപ്രതിഫലേച്ഛയ്ക്കായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയ ഹത്യകളും, വംശീയശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു. അതേസമയം സമ്പത്തിന്റെ കേന്ദ്രീകരണം ഏതാനും പേരിലേക്ക് ചുരുങ്ങിച്ചുരുങ്ങി വരുന്നു.

പരിഭാഷ: **റ്റി എ രാജശേഖരൻ**



## Finish the Job but do it kindly

## How to think about Empire

Our country has lost its moral compass. The most heinous crimes and the most horrible declarations calling for genocide and ethnic cleansing are greeted with applause and political reward. While wealth is concentrated in fewer and fewer hands, throwing crumbs at the poor manages to garner support from the very powers that are further impoverishing them.

ഇന്ദിരാ ഗാന്ധി
നരേന്ദ്ര മോദി
ഭരണകൂടങ്ങളുടെ
പീഡനങ്ങൾക്ക്
ഇരയായ

## പ്രബീർ പുർകായസ്തയുടെ

ഓർമ്മക്കുറിപ്പുകൾ

# പോരാട്ടം തുടരുക



**തി**ഹാർ: സ്ഥലവും ആളുകളും രാത്രിയിലാണ് എന്നെ തിഹാറിലേക്ക് കൊണ്ടുപോയത്. അപ്പോഴേക്കും ജയിൽ അടച്ചുപൂട്ടിക്കഴിഞ്ഞിരുന്നു. ഇത് അസാധാരണമായിരുന്നു. ഓരോ തടവുകാരനും തന്റെ സെല്ലിൽ മടങ്ങിയെത്തിക്കഴിഞ്ഞുവെന്നും കണക്കുപുസ്തകത്തിലെ എണ്ണവുമായി എല്ലാ തടവുകാരുടെയും തലയെണ്ണം തുല്യമായി കഴിഞ്ഞുവെന്നുമാണ് അടച്ചുപൂട്ടലിന്റെ അർത്ഥം. പുസ്തകങ്ങളിലെ എണ്ണവും തുല്യമാക്കുക എന്നത് ഒരു പ്രധാനപ്പെട്ട ആചരണമായതിനാൽ-അങ്ങനെയാണ് ഒരു തടവുകാരൻ രക്ഷപ്പെട്ടോയെന്ന് അവരറിയുന്നത്-അടച്ചുപൂട്ടലിനുശേഷം പുതിയ ഒരു തടവുകാരനെയും പ്രവേശിപ്പിക്കരുതെന്നാണ് ജയിൽ ചട്ടം.

അപ്പോൾ ഞാൻ അവിടെയെത്തി, അടച്ചുപൂട്ടലിനുശേഷം തിഹാറിൽ പ്രവേശിപ്പിക്കപ്പെട്ട വളരെ ചുരുക്കം പേരിൽ ഒരാളായി. അക്കാലത്ത്, കരുതൽ തടങ്കലിലുള്ള തടവുകാർക്കായി മാറ്റിവച്ചിരിക്കുന്ന മിസ വാർഡുകളിൽ അല്ലെങ്കിൽ രാജ്യരക്ഷാ നിയമം ചുമത്തിയവർക്കുള്ള വാർഡുകളിലാണ് പുരുഷ രാഷ്ട്രീയ തടവുകാരെ പാർപ്പിച്ചിരുന്നത്. വിചാരണയിലുള്ള അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ട തടവുകാരോടൊപ്പമാണ് വനിത രാഷ്ട്രീയ തടവുകാരെ പാർപ്പിച്ചിരുന്നത് എന്നതിനാൽ തന്നെ അവർക്ക് കുറച്ചുകൂടി കടുത്ത സാഹചര്യങ്ങളാണ് നേരിടേണ്ടി വന്നിരുന്നത്. ഒരു ഇന്ത്യൻ തടവറ എന്ന നിലയിൽ, മാനസിക ചികിത്സാലയങ്ങളിൽ ഇടം കണ്ടെത്താൻ സാധിക്കാതിരുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ കൂടി പാർപ്പിക്കുക എന്ന ഇരട്ട വേഷം കൂടി ജയിൽ നിർവഹിച്ചിരുന്നു. ജയിലധികാരികൾ എന്നെ മിസ വാർഡുകളിൽ ഒന്നിലേക്കല്ല മറിച്ച് വിചാരണയിലുള്ള അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ട രാഷ്ട്രീയേതര തടവുകാരുള്ള ഒന്നിലേക്കാണ് കൊണ്ടുപോയത്.

ജയിലിലേക്കുള്ള എന്റെ ആദ്യ കാൽവെപ്പായിരുന്നു ഇത്. ഈ നിശ്ചിത വാർഡ് പ്രത്യേക ബ്ലോക്കുകളുടെ ഒരു കൂട്ടമായിരുന്നു. ഓരോന്നിലും ഒരുകൂട്ടം സെല്ലുകളുണ്ടായിരുന്നു. ബ്ലോക്കുകൾക്കിടയിൽ തുറസായ സ്ഥലങ്ങളുണ്ടായിരുന്നെങ്കിലും പച്ചപ്പുണ്ടായിരുന്നില്ല. സെല്ലുകൾ വളരെ ലളിതമായിരുന്നു എന്നു പറയുകയല്ലാതെ അതിനെ വിശേഷിപ്പിക്കാൻ മറ്റൊരു മാർഗവുമില്ല. ഓരോ തടവുകാരനും ഒരു സിമന്റ് സ്ലാബുണ്ട്. ഒരു പുതപ്പും തലയിണയും. ഭാഗ്യമുള്ളവർക്ക് പുതയ്ക്കാൻ മറ്റൊരു വിരിപ്പുകൂടി കിട്ടിയെന്നുവരാം. ശീതകാലത്ത്, ഞങ്ങൾക്ക് കരിമ്പടങ്ങൾ ലഭിച്ചിരുന്നു. 'ശൗചാലയം' സെല്ലിന്റെ ഭാഗമായിരുന്നു. ഭാഗ്യത്തിന് എന്റെ സെല്ല് ഒരാൾക്ക് മാത്രം താമസിക്കാനുള്ളതായിരുന്നു.

പ്രവചനീയമായ രീതിയിലായിരുന്നു ദിവസം ചിട്ടപ്പെടുത്തിയിരുന്നത്: രാവിലെ ഞങ്ങളെ തുറന്നുവിടുകയും രാത്രി അടച്ചിടുകയും ചെയ്യും. രാത്രി മുഴുവൻ ലൈറ്റ് തെളിയിച്ചിരുന്നതിനാൽ, അതിന്റെ കീഴിലുറങ്ങാ




₹340

രാഷ്ട്രീയം

# പോരാട്ടം തുടരുക

## പ്രബീർ പുർകായസ്ത

" തുറുങ്കിലടയ്ക്കപ്പെട്ട പത്ര പ്രവർത്തകന്റെ കാലിക പ്രസക്തമായ ഓർമ്മക്കുറിപ്പുകൾ "
**എൻ റാം**

"ഭൂതകാലത്തിന്റെ ഓർമ്മകളും വർത്തമാന കാലത്തെക്കുറിച്ചുള്ള ആലോചനാമൃതമായ നിരീക്ഷണങ്ങളും ഉൾച്ചേർന്ന ഓർമ്മക്കുറിപ്പുകൾ"
**റൊമീല ഥാപ്പർ**

ൻ ഞങ്ങൾ ശീലിച്ചു. വൈകിട്ടോടെ സെല്ലിന്റെ വാതിലുകൾ അടയ്ക്കുകയും ദിവസത്തിലെ പ്രധാനപ്പെട്ട ജയിൽ ആചരണം നടപ്പാക്കുകയും ചെയ്യും-തടവുകാരുടെ തലയെണ്ണൽ. ജയിൽ ഉദ്യോഗസ്ഥഭരണം ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥഭരണത്തിലും കണക്കെടുപ്പ് സുപ്രധാനമാണെന്ന് ഞാൻ കരുതുന്നു, ഒരു പ്രവൃത്തി ദിവസാചരണത്തിന് അനുയോജ്യമായ അന്ത്യം, ഒരു ബാങ്കിന്റെ എല്ലാ ശാഖകളിലും ദിവസക്കണക്കുകൾ പൊരുത്തപ്പെടുത്തുന്നതുപോലെ!

ഈ വാർഡിൽ, താരതമ്യേന ഗുരുതരമായ കുറ്റകൃത്യങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ട കുറച്ചാളുകൾക്കും വിചാരണയിലുള്ള, ജാമ്യം കാത്തിരിക്കുന്ന അല്ലെങ്കിൽ കുറ്റകൃത്യങ്ങളുടെ തീവ്രതമൂലം ജാമ്യം കിട്ടാൻ അർഹതയില്ലാത്ത മറ്റു കുറച്ചാളുകൾക്കും ഒപ്പമായിരുന്നു ഞാൻ. വിചാരണയിലുള്ളവരെ ശിക്ഷ ലഭിച്ചവരിൽനിന്നും വേർതിരിക്കുന്ന എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ എന്നെനിക്കറിയില്ല പക്ഷേ, അന്ന് എല്ലാവരും ഇടകലർന്നാണ് കഴിഞ്ഞിരുന്നത്. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, 'യാതൊരു സാഹചര്യത്തിലും മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ ജയിലിൽ പാർപ്പിക്കുന്നില്ല എന്ന് ഉറപ്പാക്കണം' എന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റീസ് ജെ എസ് വർമ്മ സർക്കാരുകൾക്ക് നിർദ്ദേശം നൽകുന്നതിന് മറ്റൊരു 25 വർഷങ്ങളെടുത്തു. ▯

(പരിഭാഷ: **ശിൽപ ഷാജി, അഭിവാദ് എം എസ്, ശരത്കുമാർ ജി എൽ**)

## പുസ്തകപ്രകാശനം



പുസ്തകപ്രകാശനവേദിയിൽ പി ഗോപിനാരായണൻ, വി എൻ മുരളി, ഹരിത സാവിത്രി, എം എ ബേബി, രാജഗോപാലൻ, എം സ്വരാജ്, രഞ്ജിത്

# പുതിയ പുസ്തകങ്ങൾ • കഥ / ബാലസാഹിത്യം


## ബി എം സുഹറയുടെ
## പുതിയ കഥാസമാഹാരം



# ഒരുത്തി

ചെറുകഥയുടെ സാമ്പ്രദായിക രചനാരീതിശാസ്ത്രത്തെ അപ്രസക്തമാക്കുന്ന കഥകളാണ് ബി എം സുഹറയുടേത്. പ്രാദേശിക മൊഴിവഴക്കങ്ങളുടെ വിസ്മയ ലോകം തീർക്കുന്ന സുഹറയുടെ കഥകൾ മനുഷ്യരുടെ അതിസങ്കീർണ്ണാനുഭവങ്ങളെ ആലേഖനം ചെയ്യുന്നു.

₹130



















# വിശ്വനാടോടിക്കഥാമാലിക



**അഞ്ചു ഭൂഖണ്ഡങ്ങളിലെ നൂറിലധികം**
**നാടോടിക്കഥകൾ അടങ്ങുന്ന 5 പുസ്തകങ്ങൾ**

₹1050

**ജോൺ സാമുവൽ**

ചിത്രീകരണം: **അരുണ ആലഞ്ചേരി**

# ഇസ്രയേൽ: മിത്തും യാഥാർത്ഥ്യവും

## ഇലാൻ പപ്പേ

**സ്വാ**തന്ത്ര്യ ലബ്ധിക്കുശേഷമുള്ള ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ രാഷ്ട്രത്തിന്റെ സാമൂഹിക ചരിത്രം കൂടി ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴരപ്പതിറ്റാണ്ട് രാജ്യം കടന്നുപോയ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പരിവർത്തനങ്ങളിലൂടെ സിനിമയും സഞ്ചരിച്ചു. ആദ്യകാല ഇന്ത്യൻ സിനിമ മുന്നോട്ടുവെച്ച പുരോഗമനപരമായ മാനവികതയെ നിർദ്ദയം കൈയൊഴിഞ്ഞ് സമകാലിക ബോളിവുഡ് സിനിമ സങ്കുചിത ദേശീയവാദത്തിലേക്കും യുദ്ധോത്സുകമായ രാജ്യസ്നേഹത്തിലേക്കും തിരിഞ്ഞു, ചലച്ചിത്രകലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള നെഹ്റുവിയൻ സാംസ്കാരിക ദർശനത്തെ കാറ്റിൽപ്പറത്തി സർക്കാർ ഉടമസ്ഥതയിലുള്ള ചലച്ചിത്രസ്ഥാപനങ്ങളും ദേശീയപുരസ്കാരങ്ങളും അടിമുടി വാണിജ്യവല്ക്കരിക്കപ്പെട്ടു. അതോടെ സമ്പന്നമായ ചലച്ചിത്ര പൈതൃകത്തെ നിർവീര്യമാക്കുന്ന നയപരിപാടികളിലേക്കുള്ള ലജ്ജാകരമായ ചുവടുമാറ്റം പൂർണ്ണമായി. ഇന്ത്യൻസിനിമയുടെ ശൈശവദശയിലെ ഉള്ളടക്കം പുരാണകഥകളെ ഉപജീവിച്ചുകൊണ്ടുള്ള മതപരമായ പ്രമേയങ്ങളായിരുന്നു. സ്വാതന്ത്ര്യപൂർവ്വകാലത്ത് അയിത്തംപോലുള്ള സാമൂഹിക പ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുന്നഅച്യുത് കന്യ (1936) പോലുള്ള അപൂർവ്വം ചിത്രങ്ങളേ നിർമ്മിക്കപ്പെട്ടുള്ളൂ. സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യൻ സിനിമയുടെ പുരോഗമനപരമായ ഗതി നിർണ്ണയിച്ചത് നെഹ്റുവിയൻ രാഷ്ട്രപുനർനിർമ്മാണ പദ്ധതികളും ഇപ്റ്റ എന്ന ഇടതുപക്ഷ തിയേറ്റർ കൂട്ടായ്മയുടെ ഉപലബ്ധികളായ കലാകാരന്മാരുമാണ്.

ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ ദേശീയപ്രക്ഷോഭം, രണ്ടാം ലോകമഹായുദ്ധം, ബംഗാൾ ക്ഷാമം എന്നിവയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ ജനതയെ സാമൂഹിക പ്രശ്നങ്ങളിലേക്ക് ഉണർത്താൻ കലയെ ഒരുപാധിയാക്കുകയായിരുന്നു ഇപ്റ്റ (ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ). പൃഥ്വിരാജ് കപൂർ, ഗുരുദത്ത്, ബിമൽ റോയ്, കെ എ അബ്ബാസ്, ഗുൽസാർ, എസ് ഡി ബർമ്മൻ, ഋത്വിക് ഘട്ടക്, ചേതൻ ആനന്ദ്, ബൽരാജ് സാഹ്നി, മജ്റൂഹ് സുൽത്താൻപുരി, സാഹിർ ലുധിയാൻവി, ഉത്പൽ ദത്ത്, സലിൽ ചൗധരി, മൃണാൾസെൻ തുടങ്ങിയ പ്രതിഭാശാലികൾ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ സാംസ്കാരിക വിഭാഗമായ ഇപ്റ്റയുടെ സജീവപ്രവർത്തകരായിരുന്നു. ■

പരിഭാഷ: **ശരത്കുമാർ ജി എൽ**



# വർഗീയത

## ബിപൻ ചന്ദ്ര

സംസ്കാര പഠനം

**വ**ർഗ്ഗീയത ഒരു പ്രത്യയശാസ്ത്രമായാണ് പരിഗണിക്കപ്പെടുന്നത്. ഈ പുസ്തകത്തിലുടനീളം ഞാൻ വാദിക്കുന്നതുപോലെ, വർഗ്ഗീയതയെ പരാജയപ്പെടുത്തി, ഉന്മൂലനം ചെയ്യണമെങ്കിൽ ജനങ്ങളുടെ മനസ്സിൽ നിന്നും അതിനെ വേരോടെ പിഴുതെറിയുകയും വർഗ്ഗീയ പ്രത്യയശാസ്ത്രത്തിനെതിരെ ഗൗരവതരമായ തുടർപോരാട്ടങ്ങൾ നടത്തുകയും ചെയ്യണം. ഇത് ആഗോളതലത്തിൽ മാത്രമല്ല, നമ്മുടെ സ്വന്തം അനുഭവങ്ങളിലൂടെയും തെളിയിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, ഹിറ്റ്ലർ അധികാരം പിടിച്ചെടുക്കുന്നതിന് വളരെ മുമ്പുതന്നെ പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ ആത്മകഥയായ *മെയിൻ കാംഫിൽ*, അദ്ദേഹത്തിന്റെ മുഴുവൻ വംശീയ പരിപാടിയും വരച്ചിട്ടുണ്ട്. അദ്ദേഹം രാഷ്ട്രീയ അധികാരം മാത്രമേ ആഗ്രഹിക്കുന്നുള്ളുവെന്നും മറ്റേതൊരു വലതുപക്ഷ നേതാവിനെയും പോലെയായിരിക്കുമെന്നും അനേകം ആളുകൾ കരുതി. എന്നാൽ, അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര ഉള്ളടക്കം അവഗണിക്കുന്നത് എത്ര അപകടകരമായിരിക്കുമെന്ന്, തന്റെ വംശീയ പ്രത്യയശാസ്ത്രത്താൽ പ്രചോദിതനായ അദ്ദേഹം തെളിയിച്ചു. (സമാനമായി, ഹിന്ദുവർഗ്ഗീയതയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ഒരാൾ എം എസ് ഗോൾവാൾക്കറിന്റെ *ഈ നമ്മളും* (*The We*) വി ഡി സവർക്കറിന്റെ *ഹിന്ദുത്വ*യും വായിക്കണം. അല്ലെങ്കിൽ മുസ്ലീം വർഗ്ഗീയതയെക്കുറിച്ചറിയാൻ മുഹമ്മദാലി ജിന്നയുടെ 1937 ന് ശേഷമുള്ള പ്രസംഗങ്ങൾ വായിക്കണം.)

അതുപോലെ, യു എസ് എയിൽ 1864 ൽ എബ്രഹാം ലിങ്കൺ അടിമത്തം നിരോധിച്ചെങ്കിലും, അടിമ-ഉടമ പ്രത്യയശാസ്ത്രവും കറുത്ത ജനതയുടെ ശോചനീയാവസ്ഥയും അതേപോലെതന്നെ നിലനിന്നു. 20-ാം നൂറ്റാണ്ടിൽ, പ്രത്യേകിച്ചും 1945 നശേഷം അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങൾ കറുത്ത വർഗ്ഗക്കാർക്ക് നിരവധി അവകാശങ്ങൾ നൽകിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ നടത്തിയെങ്കിലും, കറുത്തവരും വെളുത്തവരുമായ ബുദ്ധിജീവികളും സാധാരണക്കാരും അടങ്ങുന്ന വംശീയ വിരുദ്ധ അമേരിക്കക്കാർ നടത്തിയ കഠിനമായ പ്രത്യയശാസ്ത്ര പോരാട്ടങ്ങളുടെ ഫലമായാണ് ആ രാജ്യത്ത് വംശീയത പിൻവലിയാനും, ഇക്കാര്യത്തിൽ വളരെയേറെക്കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ടെങ്കിലും, കറുത്ത വർഗ്ഗക്കാരുടെ സാമഹ്യപദവി ഉയരാനും തുടങ്ങിയത്. ▯

(പരിഭാഷ: **ശരത്കുമാർ ജി എൽ**)




വർഗ്ഗീയത എന്ന ലളിതാഖ്യാനത്തിന് പിന്നിലെ പ്രത്യയശാസ്ത്ര പരിസരത്തെ ഇഴകീറി പരിശോധിക്കുകയാണ് വിഖ്യാത ചരിത്ര കാരനായ ബിപൻ ചന്ദ്ര ഈ പുസ്തകത്തിൽ. വർഗ്ഗീയ ശക്തികളുടെ മർമ്മം പിളർക്കാൻ പര്യാപ്തമായ ആഖ്യാനശക്തി ഈ കൃതിക്കുള്ളതുകൊണ്ടാണ് 2008 ൽ നാഷണൽ ബുക്ക് ട്രസ്റ്റ് പ്രസിദ്ധീകരിച്ച ഈ പുസ്തക ത്തിനുമേൽ തുടർന്ന് വന്ന ബി ജെ പി സർക്കാർ അപ്രഖ്യാപിത നിരോധനം ഏർപ്പെടുത്തിയത്.




₹180

# പുതിയ പുസ്തകങ്ങൾ • ബാലസാഹിത്യം


## അറിവിനും ആനന്ദത്തിനുമായി...

## പ്രീസ്കൂൾ പുസ്തകങ്ങൾ




₹150

യോഗയോടൊപ്പം വളരുക




₹220

നമ്മൾ നൃത്തമാടുന്ന വനങ്ങൾ




₹200

അമ്മുവിന്റെ കുപ്പിവഞ്ചി




₹150

നദികളുടെ മത്സരം





₹150

നമ്മുടെ പല വർണ്ണങ്ങൾ




₹90

ചിന്നുവും മിന്നുവും കള്ളനെ പിടിച്ച കഥ




റിപ്പോർട്ട്

# റെഡ് ബുക്ക്സ് ഡേ ദിനാചരണം

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആദ്യമായി പ്രസിദ്ധീകൃതമായ 1848 ഫെബ്രുവരി 21 ലോകത്തിലെ വിവിധ രാജ്യങ്ങളിലും റെഡ് ബുക്സ് ഡേയായി ആചരിച്ചുവരുന്നു. ഇന്ത്യയിലെ ലെഫ്റ്റ് വേഡ്, ഭാരതീ പുത്തകാലയം, ചിന്ത പബ്ലിഷേഴ്സ്, നാഷണൽ ബുക്സ് ഏജൻസി, നവ തെലങ്കാന, പ്രജാശക്തി, വാം എന്നീ പ്രസാധകർ ഡൽഹിയിൽ യോഗം ചേർന്ന് 2020 ഫെബ്രുവരി 21 റെഡ് ബുക്സ് ദിനമായി ആചരിക്കാൻ തീരുമാനിച്ചു. അമേരിക്കയിലെ നോർത്ത് ഹാംടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രൈ കോണ്ടിനെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഈ തീരുമാനത്തിന് പിന്തുണ നൽകി. 2021 ഫെബ്രുവരി 21-ന് സൗത്ത് കൊറിയ മുതൽ വെനസ്വേല വരെയുള്ള വിവിധ രാജ്യങ്ങളിലായി കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിക്കുകയുണ്ടായി. ഇന്ത്യയിൽ 2020 ഫെബ്രുവരി 21 മുതൽ തുടർന്നിങ്ങോട്ട് എല്ലാ ഫെബ്രുവരി മാസം 21-ഉം റെഡ് ബുക്സ് ദിനമായി ഇന്ത്യയിൽ ആചരിച്ചുവരുന്നു.

ചിന്ത പബ്ലിഷേഴ്സ് സംഘടിപ്പിച്ച റെഡ് ബുക്ക്സ് ഡേ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസമേഖലയിൽ സ്വകാര്യനിക്ഷേപം വരുമ്പോൾ സുതാര്യതയും തുല്യതയും ഉണ്ടാക്കണമെന്ന് അദ്ദേഹം പറഞ്ഞു. പൊതുഇടമായി അവയെ നില നിർത്താനാകണം. രാജ്യത്ത് കേരളത്തിൽ മാത്രമാണ് എയ്ഡഡ് സ്കൂളുകളും കോളേജുകളും ഉള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി ഇടപെടാൻ സർക്കാരിനും പാർടിക്കും കഴിയും. വിദേശ സർവകലാശാലയെ സംബന്ധിച്ചും വിദ്യാഭ്യാസമേഖലയിലുണ്ടാകുന്ന മൂലധനശക്തികളുടെ ഇടപെടൽ സംബന്ധിച്ചും നല്ല ധാരണയോടുകൂടി മുന്നോട്ടുപോകണമെന്നും എം വി ഗോവിന്ദൻ പറഞ്ഞു. സിപിഐ എം പാളയം ഏരിയ സെക്രട്ടറി സി പ്രസന്നകുമാർ, പ്രൊഫ വി എൻ മുരളി, എ ജി ഒലീന,പി വി ജിൻരാജ്, എസ് രാഹുൽ, കെ ജി സൂരജ്, ചിന്ത പബ്ലിഷേഴ്സ് എഡിറ്റർ കെ എസ് രഞ്ജിത്ത്, ചിന്ത പബ്ലിഷേഴ്സ് ജനറൽ മാനേജർ ഇൻചാർജ് ഗോപി നാരായണൻ തുടങ്ങിയവരും സംസാരിച്ചു. ▯




ചിന്ത പബ്ലിഷേഴ്സ് അങ്കണത്തിൽ സംഘടിപ്പിച്ച റെഡ് ബുക്ക്സ് ഡേ പ്രഭാഷണം സ. എം വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു. സി പ്രസന്നകുമാർ, വി എൻ മുരളി, എ ജി ഒലീന, ജിൻരാജ്, എസ് രാഹുൽ, കെ ജി സൂരജ് എന്നിവർ സമീപം

# ലെനിനിസവും ഇന്ത്യൻ വിപ്ലവത്തിന്റെ കാഴ്ചപ്പാടും

**ഇ എം എസ്**

സുപ്രസിദ്ധമായ റഷ്യൻ (ഒക്ടോബർ) വിപ്ലവത്തിന് ആശയപരവും പ്രായോഗികവുമായ നേതൃത്വം നൽകിയ വിപ്ലവസംഘാടകനും നേതാവുമാണ് വ്ളാഡിമീർ ഇലീച്ച്. ലെനിൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആ വിപ്ലവനേതാവ് ജനിച്ചിട്ട് 100 കൊല്ലമാവുകയാണ്. ആ സംഭവത്തിന്റെ ഓർമ്മയ്ക്കായാണ്, റഷ്യൻ വിപ്ലവത്തിന്റെ ഈ നേതാവിനോട് നമുക്കുള്ള ആദരബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിനാണ് നാം ഇവിടെ കൂടിയിട്ടുള്ളത്.

ഈ സന്ദർഭത്തിൽ തികച്ചും പ്രസക്തമായ ഒരു ചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകത്തിൽ നടന്ന പല വിപ്ലവങ്ങളുടെയും നേതാക്കന്മാരെപ്പോലെ തന്റെ രാജ്യത്ത് സാമൂഹ്യവ്യവസ്ഥയിൽ മൗലികമായ മാറ്റംവരുത്തിയ ഒരു വിപ്ലവനേതാവ് മാത്രമാണോ ലെനിൻ?

ആണെന്ന നിലയിൽ അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരുണ്ട്. ഇന്ത്യയിൽത്തന്നെ പല കോൺഗ്രസ് നേതാക്കന്മാരും അത്തരത്തിലാണ് ലെനിനെ കാണുന്നത്. അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ലെനിൻ ശതാബ്ദിയാഘോഷിക്കണമെന്ന ഉദ്ദേശ്യത്തോടെ ലെനിന്റെയും ഗാന്ധിയുടെയും ശതാബ്ദിയാഘോഷങ്ങൾ ഒന്നിച്ചുനടത്താൻ ഇൻഡോ-സോവിയറ്റ് സാംസ്കാരികസംഘം ഏർപ്പാട് ചെയ്യുന്നുമുണ്ട്. ഈ ആഘോഷച്ചടങ്ങുകളിലൊന്നിൽ നടന്ന പ്രസംഗങ്ങളിൽ ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ച രണ്ടു വിശേ്വാത്തര വിപ്ലവകാരികൾ എന്ന് ലെനിനെയും ഗാന്ധിയെയും വിശേഷിപ്പിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ എനിക്ക് കേൾക്കാനിടയായി.

**ലെനിൻ–അന്യാദൃശ വിപ്ലവനേതാവ്**


ഈ സമീപനത്തോടുയോജിക്കാൻ എനിക്ക് സാധ്യമല്ല. ഗാന്ധിയെ ഒരു വിപ്ലവനേതാവായി അംഗീകരിക്കാൻപോലും ഞാൻ തയ്യാറല്ല. അതിരിക്കട്ടെ, ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ഭരണപരിവർത്തനവും സാമൂഹ്യമാറ്റങ്ങളും വിപ്ലവപരമാണെന്ന് സമ്മതിച്ചാൽപോലും അവയുടെ പ്രാധാന്യം ഇന്ത്യയുടെ നാലതിരുകളിൽമാത്രം ഒതുങ്ങി നിൽക്കുന്നതാണെന്ന സംഗതി നിഷേധിക്കാൻ വയ്യാ. ലെനിന്റേതാകട്ടെ, ലോകത്തെങ്ങുമുള്ള വിപ്ലവശക്തികളുടെ പുരോഗതിക്ക് അന്യാദൃശമാംവിധം ഊക്കും ഉശിരും നൽകിയ ഒരു ലോകവിപ്ലവനേതൃത്വമാണ്. ▯




രാഷ്ട്രീയം

ഇന്ത്യൻ സാഹചര്യത്തിൽ ലെനിനിനിസത്തിന്റെ പ്രസക്തി സൈദ്ധാന്തികമായി വിശകലനം ചെയ്യുന്ന ഇ എം എസിന്റെ പ്രബന്ധം.


₹100



# നിയോലിബറൽ പുസ്തകപരമ്പര

**മൂന്ന പതിറ്റാണ്ടു പിന്നിടുന്ന ഇന്ത്യയിലെ നിയോലിബറൽ സാമ്പത്തിക പരിഷ്കാരങ്ങളെ വിലയിരുത്തുന്ന പുസ്തകപരമ്പര.**

**ഇന്ത്യയുടെ സാമ്പത്തിക രാഷ്ട്രീയ ചലനങ്ങൾ താല്പര്യപൂർവം നിരീക്ഷിക്കുന്ന ഏതൊരാൾക്കും സഹായകരമാകുന്ന പുസ്തക പരമ്പര**




₹220




രാഷ്ട്രീയം


## ഡോ. ടി എം തോമസ് ഐസക്

നിയോലിബറൽ ഇന്ത്യ
പുസ്തക പരമ്പരയിലെ പുസ്തകങ്ങൾ


**സ്വകാര്യവൽക്കരണവും ശിങ്കിടി മുതലാളിത്തവും**
**നിയോ ലിബറൽ പാളയത്തിലെ ഇന്ത്യ**
**വളരുന്നതാര്? നിയോ ലിബറൽ വളർച്ചയും ജനങ്ങളും**
**പ്രതിരോധത്തിന്റെയും ബദലിന്റെയും രാഷ്ട്രീയം**





₹230





₹220




₹220



രാജ്യത്ത് പെരുകുന്ന
തൊഴിലില്ലായ്മയുടെയും
അസമത്വത്തിന്റെയും
കണക്കുകൾ മോദി ഭരണകൂടം
എങ്ങനെ മറച്ചു വെക്കുന്നുവെന്നും
കേന്ദ്ര ഏജൻസികൾ
രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി
അവയെ എങ്ങനെ
ഉപയോഗിക്കുന്നുവെന്നും
മത ന്യൂനപക്ഷങ്ങൾ
അപരവൽക്കരിക്കപ്പെടുന്നത്
എങ്ങനെയെന്നും വസ്തുതകൾ
മുൻനിർത്തി വ്യക്തമാക്കുന്ന
പഠനങ്ങൾ.




₹360

# ആരൂഢം വളഞ്ഞ നവ ഇന്ത്യ

രാഷ്ട്രീയം

## പരകാല പ്രഭാകർ

നമ്മുടെ പ്രധാനമന്ത്രിമാരുടെ സ്വാതന്ത്ര്യദിന പ്രസംഗങ്ങൾ വിട്ടുപോകാതെ ഞാൻ കേൾക്കാറുണ്ട്. ഇന്റർനെറ്റ് പൂർവ്വകാലത്ത് വിദേശത്ത് ആയിരുന്നപ്പോൾപ്പോലും അവിടത്തെ നയതന്ത്രകാര്യാലയത്തിൽപ്പോയി പ്രധാനമന്ത്രിമാരുടെ സ്വാതന്ത്ര്യദിനപ്രസംഗങ്ങൾ ശ്രവിക്കുമായിരുന്നു. 2021 ആഗസ്റ്റ് പതിനഞ്ചിന് ഞായറാഴ്ച, നമ്മുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി, അദ്ദേഹത്തിന്റെ എട്ടാമത്തെ സ്വാതന്ത്ര്യദിനപ്രസംഗം റെഡ്ഫോർട്ടിന്റെ കൊത്തളങ്ങളിൽവച്ച് നടത്തി. അദ്ദേഹം വളരെ സമർത്ഥനായ ഒരു ആശയസംവേദകനാണ്. പ്രസംഗകലയിൽ ഇത്രയും സമർത്ഥനായ മറ്റൊരാൾ അദ്ദേഹത്തിന്റെ സമശീർഷകരിൽ ആരുംതന്നെ ഇല്ലെന്നു പറയാം. തനിക്ക് ജനങ്ങളോട് എന്താണോ പറയാനുള്ളത്, അത് സംക്ഷിപ്ത സന്ദേശങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കും. തികഞ്ഞ വാഗ്പാടവത്താൽ തന്റെ വാക്കുകളെ അദ്ദേഹം ജനമനസ്സുകളിൽ ആഴത്തിൽപ്പതിപ്പിക്കും. മുൻകൂട്ടി ആലോചിച്ചുറച്ച് ലക്ഷ്യബോധത്തോടെയാണ് അദ്ദേഹം വാക്കുകൾ ഉപയോഗിക്കുന്നത്. അവയിലൊന്നുപോലും നൈസർഗ്ഗികമായി രൂപപ്പെടുന്നവയല്ല. രാജ്യത്തെ ജനങ്ങൾക്കുവേണ്ടി തന്റെ സർക്കാർ എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാനായി മോദിയുടെ സ്വാതന്ത്ര്യദിനപ്രസംഗത്തിലെ വാക്കുകൾ ശ്രദ്ധയോടെ വിശകലനം ചെയ്യപ്പെടേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. അദ്ദേഹം ശക്തിയോടെ ഊന്നിപ്പറഞ്ഞതും, വേഗത്തിൽപ്പറഞ്ഞുവിട്ടതുമായ വാക്കുകളെ മാത്രമല്ല, പറയാതെ വിട്ടുകളഞ്ഞ വാക്കുകളെയും ഗൗരവത്തിൽ പരിശോധിക്കണം. 2014 മുതൽ 2020 വരെയുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം. എന്നിട്ട് രാജ്യത്തോട് നടത്തിയ കഴിഞ്ഞ ഏഴു പ്രസംഗങ്ങളിൽ ഉപയോഗിച്ച വാക്കുകളുടെ പശ്ചാത്തലത്തിൽ 2021 ലെ പ്രസംഗത്തിലെ വാക്കുകളെ പരിശോധിക്കാം. ഇതു വഴി ഇക്കാലയളവിൽ അദ്ദേഹത്തിന്റെ വാക്കുകളിൽ വന്ന മാറ്റത്തെ മനസ്സിലാക്കാനാവും.

ഞാനല്പം താമസിച്ചാണ് 2021 ലെ പ്രസംഗം കേൾക്കാൻ തുടങ്ങിയത്. പ്രധാനമന്ത്രിയുടെ പ്രസംഗം തുടങ്ങി ഏഴ് മിനിറ്റ് കഴിഞ്ഞ് ആദ്യം കേട്ട വാക്കുകൾ തന്നെ എന്നെ നിശ്ചേഷ്ടനാക്കിക്കളഞ്ഞു. അദ്ദേഹം പറഞ്ഞുകൊണ്ടിരുന്ന വാക്കുകൾ ഇതായിരുന്നു. "അമാനവീയഹലാത്ത് സെ ഗുജാരെ, അത്യാചാർ സഹെ ജിനെ സമ്മാൻ കെ സാത്ത് അന്തിം സംസ്കാർ ടാക്ക് നസീബ് നഹി, ഹയാ-ഉൻ ലോകോൻ കോ ഹമാര സ്മൃതി മേ ജീവനിത് രഹന ഉത്നാഹി ജരൂരി ഹൈ" (മനുഷ്യത്വരഹിതമായ പീഡനങ്ങൾ അനുഭവിച്ചവർ. മരണത്തിൽപ്പോലും അന്തസ്സ് നിഷേധിക്കപ്പെട്ടവർ. ▯

(പരിഭാഷ റ്റി എ രാജശേഖരൻ)

മാധ്യമം

# ദേശാഭിമാനി ചരിത്രം

### പി പി അബൂബക്കർ

"അടിച്ചമർത്തപ്പെടുന്നവരുടെ, ചൂഷിതരുടെ, നിന്ദിതരുടെ ശബ്ദമായി എട്ടുപതിറ്റാണ്ടായി നിർഭയം നിലകൊള്ളുന്ന പത്രത്തിന്റെ സമഗ്ര ചരിത്രം. മുതിർന്ന മാധ്യമ പ്രവർത്തകനും ദേശാഭിമാനിയുടെ മുൻ ചീഫ് ന്യൂസ് എഡിറ്ററുമായ പി പി അബൂബക്കർ ആധികാരിക രേഖകൾ സഹിതം അവതരിപ്പിക്കുന്ന ഗവേഷണ ഗ്രന്ഥം."




₹700

---

ശാസ്ത്രം




₹350

## മനുഷ്യനും ബഹിരാകാശവും

**ഡോ. അരുൺ ഡി ഐ, ഡോ. പി ശശികുമാർ**

"ബഹിരാകാശ സംബന്ധിയായ വിഷയങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് മനുഷ്യനും ബഹിരാകാശവും. ബഹിരാകാശ മേഖലയിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ഡോ. ഡി ഐ അരുൺ, ഡോ. പി ശശികുമാർ എന്നീ യുവ സുഹൃത്തുക്കളാണ് ഗ്രന്ഥകർത്താക്കൾ. ഈ വിഷയം ആധികാരികമായി കൈകാര്യം ചെയ്യാൻ ആവശ്യമായ അറിവും, ഭാഷാസ്വാധീനവുംകൊണ്ട് അനുഗ്രഹീതരായ ഈ യുവാക്കളുടെ ഈ ഗ്രന്ഥം മലയാള ശാസ്ത്രസാഹിത്യ മേഖലയ്ക്ക് മുതൽക്കൂട്ടായിരിക്കും എന്നെനിക്കുറപ്പാണ്." **പി രാധാകൃഷ്ണൻ**

---

ഫോക്‌ലോർ




₹280


## ചെങ്ങന്നൂ കുഞ്ഞാതി ഒരു പുരാവൃത്തം

**ഡോ. ചേരാവള്ളി ശശി**

മധ്യതിരുവിതാംകൂറിൽ പ്രചരിച്ചിരുന്ന പാട്ടുകാവ്യത്തിന്റെ പുനരാഖ്യാനമാണ് ചെങ്ങന്നൂ കുഞ്ഞാതി ഒരു പുരാവൃത്തം. എഴുത്തിന്റെയും വായനയുടെയും പൊതുമണ്ഡലത്തിൽ പ്രവേശനം കിട്ടാതെ മാറ്റിനിർത്തപ്പെട്ട ജനതയുടെ ആത്മാവിഷ്ക്കാരങ്ങളായ നാടൻ പാട്ടുകൾ ഉയിർത്തെഴുന്നേൽക്കുകയാണ്. നാടുവാഴിത്ത കാലത്ത് പടവെട്ടി മുന്നേറിയ കുഞ്ഞാതിയുടെ ധീരോദാത്തമായ കഥ പുതിയ തലമുറയ്ക്ക് നാം പിന്നിട്ടുവന്ന വഴികളെപ്പറ്റി മനസ്സിലാക്കാൻ പര്യാപ്തമാണ്. ജാതിവെറിയും അസ്പൃശ്യതയും നടമാടിയ കാലത്ത് പറയ സമുദായത്തിൽനിന്നും ഉയർന്ന വന്ന കുഞ്ഞാതിയുടെ പോർവീര്യം സമൂഹത്തിന് പകർന്നുനൽകാൻ ഈ കൃതിക്ക് കഴിയും.

---

ക്ലാസിക് നോവൽ




₹260

## ഇടയന്റെ സിംഫണി & ഇസബെല്ല

**ആന്ദ്രേ ഷീദ്**

**പരിഭാഷ രാധാകൃഷ്ണൻ ചെറുവല്ലി**

പ്രണയത്തിന്റെ തീക്ഷ്ണഭാവങ്ങളിലൂടെ സഞ്ചരിക്കുന്ന രണ്ട് ക്ലാസിക് രചനകൾ. നൊബേൽ പുരസ്കാര ജേതാവായ ഫ്രഞ്ച് നോവലിസ്റ്റ് ആന്ദ്രേ ഷീദിന്റെ സവിശേഷമായ രണ്ടു പ്രണയ നോവലുകളാണ് ഈ പുസ്തകത്തിൽ.

# സമലോകം ജൻ്ററിനെക്കുറിച്ചൊരു പാഠപുസ്തകം


**എഡിറ്റേഴ്സ്: സൂസി താരു, എ സുനീത, ഉമാ മഹേശ്വരി ബൃഗുബണ്ട**

ലളിതമായി നിർവ്വചിച്ചാൽ, ജൻ്റർ എന്നത് സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന്റെ സാമൂഹ്യവും സാംസ്കാരികവും ഭൗതികവുമായ അവസ്ഥയാണ്. ജൻ്ററിനെ സംബന്ധിച്ച കൗതുകകരമായ വസ്തുത വ്യത്യസ്ത സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും പുരുഷൻ അല്ലെങ്കിൽ സ്ത്രീ, പൗരുഷം അല്ലെങ്കിൽ സ്ത്രീത്വം എന്നത് സംബന്ധിച്ച് വ്യത്യസ്തമായ ആശയങ്ങളാണുള്ളത് എന്നതാണ്. എന്തിനേറെ, ഒരേ സമൂഹത്തിനുതന്നെ കാലം മാറുന്നതിനനുസരിച്ച് ഇതേക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ മാറ്റം ഉണ്ടാകാം. പൗരുഷത്വത്തെപ്പറ്റിയോ സ്ത്രീത്വത്തെപ്പറ്റിയോ ഉള്ള നിങ്ങളുടെ സങ്കല്പം നിങ്ങളുടെ രക്ഷിതാക്കളിൽനിന്നും വിഭിന്നമായിരിക്കും. കുടുംബത്തിൽ നിങ്ങളെ വളർത്തിയ രീതി, വിദ്യാഭ്യാസം, സംസ്കാരികപാരമ്പര്യവും രീതികളും, കുട്ടികൾ കളിക്കുന്ന കളിപ്പാട്ടങ്ങൾ, അവർ കേട്ടിട്ടുള്ള കഥകൾ, സിനിമ, പരസ്യം, ബ്യൂട്ടിപാർലറുകൾ അല്ലെങ്കിൽ കളരികൾ എന്നിവയെല്ലാം ജൻ്റർ എന്ന ആശയത്തെ രൂപപ്പെടുത്തുന്നു. പെൺകുട്ടികൾ ജനിക്കുന്നത് ഗൃഹപരിപാലന സാമർത്ഥ്യം പ്രകൃത്യാ ലഭിച്ചുകൊണ്ടല്ല എന്നതുപോലെതന്നെ ആൺകുഞ്ഞുങ്ങൾ ജനിക്കുന്നത് ആക്രമണോത്സുകരോ ഉശിരന്മാരോ ആയിട്ടല്ല.

നാം എന്തിന് ജൻ്ററിനെക്കുറിച്ച് പഠിക്കണം? അതിന്റെ പ്രധാന കാരണം ജൻ്ററിനെപ്പറ്റിയുള്ള അനുഭവം എല്ലാവർക്കും, പ്രത്യേകിച്ചും യൗവനപ്രായക്കാർക്ക് അതീവ വൈകാരികമാണ് എന്നതാകാം. പലതരം ആനന്ദങ്ങൾക്കും പോസിറ്റീവായ മനോവികാരങ്ങൾക്കും ഹേതുവാണ് ഒരു സ്ത്രീയായിരിക്കുക അല്ലെങ്കിൽ ഒരു പുരുഷനായിരിക്കുക എന്നത്. പക്ഷേ, ഈ അനുഭവം വേദനാജനകവും ആശയക്കുഴപ്പമുണ്ടാക്കുന്നതും പലതരം ആശങ്കകളുടെ ഉറവിടവുമാകാം. സ്ത്രീപുരുഷബന്ധങ്ങളിൽ ശാരീരികവും മാനസികവുമായ അതിക്രമങ്ങളുടെ നിഴലാട്ടങ്ങൾ ഉണ്ടെന്നും നമുക്കറിയാം.

എങ്കിലും ജീവിതത്തിന്റെ ഈ വശങ്ങളും അതുമായി ബന്ധപ്പെട്ടിരിക്കുന്ന മനോവികാരങ്ങളും രഹസ്യമായി വയ്ക്കുകയും അപൂർവമായി മാത്രം സംസാരിക്കുകയുമാണ് നാം ചെയ്യുന്നത്. വാസ്തവത്തിൽ സമീപകാലത്ത് മാത്രമാണ് നാം അവയെപ്പറ്റി പഠിക്കാൻ ആരംഭിച്ചത്.

(പരിഭാഷ: ആർ പാർവതീദേവി)




**ജൻ്റർ സ്റ്റഡീസ്**

**സാഹിത്യത്തിലും ചലച്ചിത്രങ്ങളിലും പരസ്യങ്ങളിലുമുള്ള ഉദാഹരണങ്ങളെ മുൻനിറുത്തി സമൂഹത്തിലെ സ്ത്രീ-പുരുഷ അസമത്വത്തിന്റെ ബഹുസ്വര രൂപങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന പുസ്തകം**







# ഏറ്റവും പുതിയ ബാലസാഹിത്യ കൃതികൾ




**ചോട്ടുവും മീട്ടുവും**
ഹരീഷ് ആർ നമ്പൂതിരിപ്പാട്




**തെമ്മാടിപ്പൂച്ച**
പട്ടണക്കാട് അബ്ദുൾഖാദർ




**ദല മർമ്മരങ്ങൾ**
അഷ്റഫ് കാവിൽ




**റഷ്യൻ നാടോടികഥകൾ**
പുന: ബി എം സുഹറ




**ദീപാങ്കുരന്റെ പാഠപുസ്തകം**
ദിനേശൻ കണ്ണപുരം




**സർപ്പ രാജകുമാരി**
പുന: ഹരിത എം




**ഫിന്നിഷ് വിശ്വകഥകൾ**
പുന: സലാം എലിക്കോട്ടിൽ




**കുട നനയാതെ**
ഇ ഇന്ദുലേഖ




**ബൈബിൾ കഥകൾ കുട്ടികൾക്ക്**
പുന രാജേഷ് ചിറപ്പാട്




**തമ്പുരാന്റെ മുക്കുമാല**
കെ എൻ കുട്ടി കടമ്പഴിപ്പുറം




**ചെണ്ടക്കാരൻ കുഞ്ചു**
പി ചിന്മയൻ നായർ




**ശലഭമഴ**
അജിത് കെ രാമൻ

# സിനിമയും ദേശീയതയും

## സ്വപ്നവില്പനയുടെ 75 വർഷങ്ങൾ

**ഡോ. എൻ പി സജീഷ്**

സംസ്കാര പഠനം



**സ്വാ**തന്ത്ര്യലബ്ധിക്കുശേഷമുള്ള ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ രാഷ്ട്രത്തിന്റെ സാമൂഹിക ചരിത്രം കൂടി ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴരപ്പതിറ്റാണ്ട് രാജ്യം കടന്നുപോയ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പരിവർത്തനങ്ങളിലൂടെ സിനിമയും സഞ്ചരിച്ചു. ആദ്യകാല ഇന്ത്യൻ സിനിമ മുന്നോട്ടുവെച്ച പുരോഗമനപരമായ മാനവികതയെ നിർദ്ദയം കൈയൊഴിഞ്ഞ് സമകാലിക ബോളിവുഡ് സിനിമ സങ്കുചിത ദേശീയവാദത്തിലേക്കും യുദ്ധോത്സുകമായ രാജ്യസ്നേഹത്തിലേക്കും തിരിഞ്ഞു, ചലച്ചിത്രകലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള നെഹ്റുവിയൻ സാംസ്കാരിക ദർശനത്തെ കാറ്റിൽപ്പറത്തി സർക്കാർ ഉടമസ്ഥതയിലുള്ള ചലച്ചിത്രസ്ഥാപനങ്ങളും ദേശീയപുരസ്കാരങ്ങളും അടിമുടി വാണിജ്യവല്ക്കരിക്കപ്പെട്ടു. അതോടെ സമ്പന്നമായ ചലച്ചിത്രപൈതൃകത്തെ നിർവീര്യമാക്കുന്ന നയപരിപാടികളിലേക്കുള്ള ലജ്ജാകരമായ ചുവടുമാറ്റം പൂർണ്ണമായി.

ഇന്ത്യൻസിനിമയുടെ ശൈശവദശയിലെ ഉള്ളടക്കം പുരാണകഥകളെ ഉപജീവിച്ചുകൊണ്ടുള്ള മതപരമായ പ്രമേയങ്ങളായിരുന്നു. സ്വാതന്ത്ര്യപൂർവ്വകാലത്ത് അയിത്തംപോലുള്ള സാമൂഹിക പ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുന്നഅച്യുത് കന്യ (1936) പോലുള്ള അപൂർവ്വം ചിത്രങ്ങളേ നിർമ്മിക്കപ്പെട്ടുള്ളു. സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യൻ സിനിമയുടെ പുരോഗമന പരമായ ഗതി നിർണ്ണയിച്ചത് നെഹ്റുവിയൻ രാഷ്ട്രപുനർനിർമ്മാണ പദ്ധതികളും ഇപ്റ്റ എന്ന ഇടതുപക്ഷ തിയേറ്റർ കൂട്ടായ്മയുടെ ഉപലബ്ധികളായ കലാകാരന്മാരുമാണ്.

ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ ദേശീയപ്രക്ഷോഭം, രണ്ടാം ലോകമഹായുദ്ധം, ബംഗാൾ ക്ഷാമം എന്നിവയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ ജനതയെ സാമൂഹിക പ്രശ്നങ്ങളിലേക്ക് ഉണർത്താൻ കലയെ ഒരുപാധിയാക്കുകയായിരുന്നു ഇപ്റ്റ (ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ). പൃഥ്വിരാജ് കപൂർ, ഗുരുദത്ത്, ബിമൽ റോയ്, കെ എ അബ്ബാസ്, ഗുൽസാർ, എസ് ഡി ബർമ്മൻ, ഋത്വിക് ഘട്ടക്, ചേതൻ ആനന്ദ്, ബൽരാജ് സാഹ്നി, മജ്റൂഹ് സുൽത്താൻപുരി, സാഹിർ ലുധിയാൻവി, ഉത്പൽ ദത്ത്, സലിൽ ചൗധരി, മൃണാൾസെൻ തുടങ്ങിയ പ്രതിഭാശാലികൾ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ സാംസ്കാരിക വിഭാഗമായ ഇപ്റ്റയുടെ സജീവപ്രവർത്തകരായിരുന്നു. 1940 കൾ മുതൽ 1960 കൾ വരെ ഇന്ത്യൻ സിനിമയ്ക്ക് പുരോഗമനപരമായ സാംസ്കാരിക ഉള്ളടക്കം പകരുന്നതിൽ ഇവരുടെ കൂട്ടായ്മ നിർണ്ണായകപങ്കുവഹിച്ചു. മദർ ഇന്ത്യ (1957) യുടെ സംവിധായകൻ മെഹബൂബ് ഖാന്റെ നിർമ്മാണക്കമ്പനിയുടെ ചിഹ്നം അരിവാളും ചുറ്റികയുമായിരുന്നു. ▯

(പുസ്തകത്തിൽനിന്നും)


## സിനിമാ പഠനങ്ങൾ

### സിനിമയും ദേശീയതയും

**എഡി ജി പി രാമചന്ദ്രൻ**

ഡോ. എൻ പി സജീഷ്, കെ പി ജയകുമാർ, ജി പി രാമചന്ദ്രൻ, ഡോ. സംഗീത ചേനംപുല്ലി, എം കെ രാഘവേന്ദ്ര, ലോറൻസ് ലിയാങ്, സ്വരഭാസ്ക്കർ,നിസ്സിം മന്നത്തുകാരൻ, ആദിത്യ ശ്രീകൃഷ്ണ, രാജേഷ് രാജമണി, എസ് വി ശ്രീനിവാസ്, ആമി രാംദാസ്, കെ സഹദേവൻ, ഹരിനാരായണൻ എസ്, സഞ്ജയ് കാക്ക്, നിഥിൻ നാഥ് കെ എ, ശ്രീനാഥ് പി കെ എന്നിവരുടെ ലേഖനങ്ങൾ.




₹280

₹300




### സിനിമയുടെ ഭാവനാ ദേശങ്ങൾ

**സി എസ് വെങ്കിടേശ്വരൻ**

സെല്ലുലോയ്ഡിൽ നിന്നും ഡിജിറ്റലിലേക്ക സഞ്ചരിച്ച സിനിമയുടെ ദൃശ്യഭാവനാ തലങ്ങളെ അതിസൂക്ഷ്മമായി ആലേഖനം ചെയ്യുന്ന കൃതി.

## ഏറ്റവും പുതിയ പുസ്തകങ്ങൾ





### അഷ്ടാംഗ യോഗയും മനസ്സും

₹170

**ഡോ. എ കെ സജീഷൻ**

ആരോഗ്യം

യോഗ പ്രചുരപ്രചാരം നേടിയ ഒരു വ്യായാമമുറയാണ്. എന്നാൽ കേവലമായ വ്യായാമമുറകൾക്കപ്പുറം യോഗ എന്ന പദ്ധതിയെ സമഗ്രമായി മനസ്സിലാക്കാൻ സഹായകരമായ ഗ്രന്ഥമാണ് അഷ്ടാംഗ യോഗയും മനസ്സും. അഷ്ടാംഗയോഗ എന്തെന്നും അതിന്റെ പ്രയോഗം എപ്രകാരം മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്ന എന്നും ഈ ഗ്രന്ഥം വ്യക്തമാക്കുന്നു. എല്ലാ വിജ്ഞാനമണ്ഡലങ്ങളെയും മതവൽക്കരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഭാരതീയമായ ശാസ്ത്ര ധാരണകളെ അന്ധവിശ്വാസങ്ങളിൽ നിന്നും കടഞ്ഞെടുത്ത് പ്രയോഗിക്കേണ്ടത് അനിവാര്യമാണ്. അത്തരമൊരു ചിന്തയ്ക്ക് കരുത്തുപകരുന്ന ഗ്രന്ഥമാണ് അഷ്ടാംഗ യോഗയും മനസ്സും.




### ഇതിഹാസം

₹160

**അശോക് ശശി**

നാടകം

എത്രതരം മനുഷ്യരെയാണ് ഞാൻ കാണുന്നത്... മനുഷ്യരല്ല... നടന്മാർ... കഥാപാത്രങ്ങൾ... അങ്ങനെ പറയുന്നതാവും നല്ലത്... സ്നേഹം തരുന്നവർ... സ്നേഹം തരുന്നതായി നടിക്കുന്നവർ... എത്ര വ്യത്യസ്തമാണ് ഈ ലോകം. അതേ... ഈ ലോകം ഒരു അരങ്ങാണ്. അപ്പോ ഞാനോ... ഞാൻ മാത്രമല്ല, എനിക്ക് ചുറ്റിനുമുള്ളവരെല്ലാം കഥാപാത്രങ്ങൾ... വെറും കഥാപാത്രങ്ങൾ...




### ഒരു ചുവന്ന സ്വപ്നം

₹390

**കെ എൻ രവീന്ദ്രനാഥ്**

രാഷ്ട്രീയം

"അന്ന് പാർട്ടിയുടെ സംഘടനാ സെക്രട്ടറിയായിരുന്ന സ. സി എച്ച് കണാരൻ എന്നെ വിളിക്കുകയും ഒരു പ്രത്യേക ദൗത്യമെന്ന നിലയിൽ വയനാട് ക്യാമ്പിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ചൈനയുടെ സായുധ വിപ്ലവത്തിന്റെ മാർഗ്ഗം എന്തുകൊണ്ട് ഇന്ത്യൻ പരിതഃസ്ഥിതിയിൽ ബാധകമല്ലെന്ന വിഷയം ആ ക്യാമ്പിൽ പോയി സംസാരിക്കാനായിരുന്നു നിർദ്ദേശം. അതിന് സഹായകമായി മാവോ സെ തുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികളുടെ ചൈനീസ് എഡിഷനിലുള്ള നാല് വോള്യങ്ങൾ എനിക്ക് നൽകുകയും ചെയ്തു. ക്യാമ്പിൽ സംസാരിക്കാൻ പോകുമ്പോൾ ചൈനീസ് എഡിഷൻ കൈവശമുണ്ടാകണമെന്ന് അദ്ദേഹം പ്രത്യേകം നിർദ്ദേശിച്ചു."


## ദേശ ദേശാന്തര യാത്രകൾ




₹210

വംശീയത വേരുകൾ ആഴ്ത്തിപ്പടർന്ന സമകാലീന ഗുജറാത്തിന്റെ മണ്ണിലൂടെയുള്ള ജലീലിന്റെ യാത്രകൾ

**ഉപ്പുപാടത്തെ ചന്ദ്രോദയം**
**ഡോ. കെ ടി ജലീൽ**




₹230

**അമേരിക്ക**
**ഡോ. കെ വി വേലായുധൻ**

സുന്ദർബൻ, ശാന്തിനികേതൻ, ബിഷ്ണുപൂർ, സിംഗൂർ, പുരുളിയ എന്നിവിടങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്ക് രണ്ടു കാലങ്ങളിലായി രാധാകൃഷ്ണൻ ചെറുവല്ലി നടത്തിയ യാത്രകളുടെ കുറിപ്പുകളാണിത്.




₹330

**ഏക് ല ചലോരേ**
**രാധാകൃഷ്ണൻ ചെറുവല്ലി**

ഏറ്റവും പുതിയ പുസ്തകങ്ങൾ

## The Art of English Writing




**Functional Writing**
PART 1
₹400

**Creative Writing**
PART 2
₹400




Dr. Bitter C Mukkolakkal

## നിഘണ്ടു




**നാനാർത്ഥ നിഘണ്ടു**
സന്ധ്യ ഇടവൂർ
₹400

**നിയമ നിഘണ്ടു**
ഡോ. ആർ ശിവകുമാർ
₹350




## Statement of Ownership and Other particulars about Newspaper Chintha Pustakavartha

| | |
|---|---|
| 1. Title of the News Paper | : Chintha Pusthaka Vartha |
| 2. Language (s) in which it is to be published | : Malayalam |
| 3. Periodicity of its Publication | |
| a. Whether a daily, triweekly, bi-weekly, weekly, fortnightly or otherwise | : Monthly |
| b. In the case of daily please state whether it is a morning or evening News paper | : NA |
| c. In the case of a Newspaper other than a daily, please state the day (s) date (s) of which it is to be published | : 20th day of every month |
| 4. Retail selling price of the News Paper per copy | : Ten Rupees |
| a. If the News paper is for free distribution please state that it is for free distribution | : NA |
| b. If it had only annual subscription and no retail price please state the annual subscription | : NA |
| 5. Publisher's Name | : M A Baby |
| Nationality | : Indian |
| Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram 695 034, Kerala |
| 6. Place of Publication (please give complete postal address) | : Chintha Publishers<br>Deshabhimani Road, P B No: 172<br>Thiruvananthapuram- 695 001, Kerala |
| 7. Printer's Name | : M A Baby |
| Nationality | : Indian |
| Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram- 695 034, Kerala |
| 8. Name (s) of the Printing Press (es) where printing is to be conducted and the true and precis declaration of the premises on which the press (es) is / are installed | : Akshara Offset,<br>Vanchiyoor, Thiruvananthapuram, Kerala |
| 9. Editor's Name | : M A Baby |
| Nationality | : Indian |
| Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram 695 034, Kerala |
| 10. Owner's Name (s) | |
| a. Please state the particulars of the individuals or of the firm joint stock company trust, co-operative society or association which own the newspaper | : Chintha Publishers<br>Thiruvananthapuram |
| b. Please state whether the owner owns any other newspaper and if so, its name, periodicity language and place of publication | : No |
| 11. Please state whether the declaration is in respect of | |
| a. A new newspaper, or | : A New Newspaper |
| b. An Existing Newspaper | : NA |
| c. In case the declaration falls under item (b) the reasons for filing the fresh declaration | |

I, M A Baby hereby declare that the particulars given above are true to the best of Knowledge and belief.


Thiruvananthapuram
Date: 20.03.2024

(SD/) M A Baby
Publisher

# ലൈംഗികമായി വിമോചിതയായ ഒരു കമ്യൂണിസ്റ്റ് വനിതയുടെ ആത്മകഥ

രാഷ്ട്രീയം

## അലക്സാൻഡ്ര കൊല്ലന്തായ്




**ആ**ത്മകഥ എഴുതുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ള മറ്റൊന്നുമില്ല. എന്തിലായിരിക്കണം ഊന്നൽ? സാമാന്യമായി താല്പര്യമുള്ളത് എന്തായിരിക്കാം? അതിനെല്ലാമുപരി, സത്യസന്ധമായി എഴുതുകയും സാമ്പ്രദായികമായി ചെയ്യുന്നപോലെ തുടക്കത്തിൽ അതിവിനയം പ്രകടിപ്പിക്കുന്നവിധമുള്ള നിഷേധവാചകങ്ങൾ ഒഴിവാക്കുകയുമാണ് ഉചിതം. കാരണം, ഒരാളുടെ ജീവിതത്തെ നിർണയിച്ച സംഭവങ്ങൾ പൊതുജനത്തിന് കൂടി ഉപയോഗപ്രദമായവയാണ് എന്നുവരുമ്പോഴാണ് അയാളെ സ്വന്തം ജീവിതത്തെക്കുറിച്ച് സംസാരിക്കാൻ ക്ഷണിക്കുക. അതിനർത്ഥം, ആ വ്യക്തി ജനങ്ങൾ അംഗീകരിച്ചതായ ഒരു ദൗത്യം പൂർത്തിയാക്കി, പ്രതീക്ഷയുളവാക്കുന്ന ഒന്ന് ജീവിതത്തിൽ രൂപപ്പെടുത്തിയിരിക്കണം. അങ്ങനെ വരുമ്പോൾ, ഒരാൾ തന്നെക്കുറിച്ച് എഴുതുകയാണെന്നത് മറന്ന്, അഹംഭാവമെല്ലാം ഒഴിവാക്കി, താൻ ജീവിതത്തെ രൂപപ്പെടുത്തിയതിനേയും തന്റെ നേട്ടങ്ങളെയും സാദ്ധ്യമാവുന്നിടത്തോളം വസ്തുനിഷ്ഠമായി വിവരിക്കാനുള്ള ശ്രമമാണ് വേണ്ടത്. അത്തരത്തിലുള്ള ഒരു ശ്രമമാണ് ഞാനുദ്ദേശിക്കുന്നത്, പക്ഷേ, അത് വിജയിക്കുമോ എന്നത് വേറെ കാര്യം. അതേസമയം, ഒരു വിധത്തിൽ പറഞ്ഞാൽ ഈ ആത്മകഥ എനിക്ക് മുന്നിലും ചില പ്രശ്നങ്ങളുയർത്തുന്നുണ്ട് എന്ന് സമ്മതിക്കേണ്ടിവരും. കാരണം തിരിഞ്ഞുനോക്കുമ്പോഴും ഭാവിയിലേക്കു നോക്കുമ്പോഴുമുള്ള എന്റെ നിലനിൽപ്പിന്റെയും നേട്ടങ്ങളുടെയും ഏറ്റവും നിർണ്ണായകനിമിഷങ്ങളെ എനിക്കു വേണ്ടികൂടിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഈ നിലയ്ക്ക്, സ്ത്രീകളുടെ വിമോചനസമരത്തെക്കുറിച്ചും അതിലുപരി അതിനുള്ള സാമൂഹികമായ പ്രാധാന്യത്തെക്കുറിച്ചും കൂടുതൽ വ്യക്തത നല്കുന്നതിൽ ഞാൻ വിജയിച്ചേക്കാം. ◻

(പരിഭാഷ: **ഡോ. പ്രസീത കെ, ആര്യ ജിനദേവൻ**)







രാഷ്ട്രീയം

**ആരായിരുന്നു സവർക്കർ**
ഷംസുൽ ഇസ്ലാം
₹240


**മഹാത്മാഗാന്ധിയുടെ മണ്ണിൽ മതവർഗ്ഗീയത**
ജി രാമകൃഷ്ണൻ
₹130



# മികവാർന്ന പരിഭാഷാ കൃതികൾ ചിന്തയിലൂടെ


## ഏറ്റവും പുതിയ പുസ്തകങ്ങൾ

### നിക്കോസ് കസാൻദ്സാകീസ്




₹670


ഗ്രീക്ക് പാഷൻ




₹740

ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം

### ആർ എൽ സ്റ്റീവൻസൺ





₹130

ഡോ. ജെകിൽ മിസ്റ്റർ ഹൈഡ് എന്നിവരുടെ അസാധാരണ കഥ




₹150

തട്ടിക്കൊണ്ടു പോയി




₹670

മാജിക് മൗണ്ടൻ





₹720

ഡോക്ടർ ഷിവാഗോ





₹230

വൈറ്റ് ഫാങ്





₹430

കാട്ടുകടന്നൽ





₹710

ജെയിൻ ഐർ





₹220

കൊണ്ടുനടക്കാവുന്ന ഒരു ഉത്സവം




₹350

ഒഡീസി





₹650

വടക്കും തെക്കും





₹1100

പാവങ്ങൾ




₹120

കിഴവനും കടലും




₹650

കാരമസോവ് സഹോദരന്മാർ




₹390

അമ്മ

# പുസ്തകപ്രകാശനങ്ങൾ



പി.പി അബൂബക്കർ രചിച്ച *ദേശാഭിമാനിയുടെ ചരിത്രം* ജോൺ ബ്രിട്ടാസ് എംപി ബി എം സുഹറയ്ക്ക് നൽകി പ്രകാശനം ചെയ്യു



അശോക് ശശി രചിച്ച ഇതിഹാസം സിപിഐ (എം) സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാസ്റ്റർ പ്രൊഫ. വി അലിയാർക്ക് നൽകി പ്രകാശനം ചെയ്യുന്നു



അജി ദേവയാനി രചിച്ച "തിരിച്ച് വരാത്ത യാത്രക്കാരിൽ ചിലർ " കെ ജയകുമാർ ഐ എ എസ്, എഴുത്തുകാരി ഷീലാ രഘുവിന് നല്കി പ്രകാശനം നിർവ്വഹിച്ചു



ശശി മാവിൻമൂടിന്റെ ഹൃദയാക്ഷരങ്ങൾ എന്ന ഗ്രന്ഥം ഏഴാച്ചേരി രാമചന്ദ്രൻ എ ജി ഒലീന ടീച്ചർക്ക് നൽകി പ്രകാശനം ചെയ്യുന്നു

ഡോ. ബി ഇക്ബാലിന്റെ എല്ലാവർക്കും ആരോഗ്യം എന്ന ഗ്രന്ഥം സിപിഐ (എം) സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻമാസ്റ്റർ ഡോ. വി രാമൻകുട്ടിക്ക് നൽകി പ്രകാശനം ചെയ്യുന്നു







# ജയിൽജീവിതം

മൂന്നുകൊല്ലത്തെ കഠിനതടവും 100ക. പിഴയുമാണ് കോടതി എനിക്ക് വിധിച്ചത്. പിഴ അടയ്ക്കാത്ത പക്ഷം എട്ടുമാസത്തെ കഠിന തടവു വേറെ.

അന്നത്തെ സത്യഗ്രഹികളുടെ പതിവനുസരിച്ച് പിഴ അടയ്ക്കാറില്ല. അതിനുപകരം ജയിൽശിക്ഷ അനുഭവിക്കുകയാണ് പതിവ്. എന്നാൽ ഞാൻ ജയിലിലെത്തിയാൽ പിന്നെ എന്റെ പേരിലുള്ള പിഴസംഖ്യ ഈടാക്കാൻ ഇൻസ്പെക്ടർ വീട്ടിൽ ചെല്ലുകയും ജ്യേഷ്ഠൻ അത് കൊടുക്കുകയും ചെയ്തു. അതുകൊണ്ട് എട്ടുമാസത്തെ തടവുശിക്ഷ എനിക്ക് അനുഭവിക്കേണ്ടിവന്നില്ല. മൂന്ന് കൊല്ലത്തെ കഠിനതടവ് അവസാനിക്കുന്ന തിയതി 1935 ജനുവരി 19 ആയിരുന്നു. കഠിനതടവ് ശിക്ഷ അനുഭവിക്കുന്നവർക്ക് സാധാരണഗതിയിൽ കിട്ടേണ്ട ഇളവ് ഇതിൽനിന്ന് കിഴിച്ചാൽ അഞ്ചാറുമാസം മുമ്പ് ജയിലിൽനിന്ന് വിട്ടുപോരാം. അതായത് 1934 മധ്യത്തോടുകൂടി ജയലിൽ പുറത്തുവരാൻ കഴിയും.




എന്നാൽ അതിന് ഒരു കൊല്ലം മുമ്പുതന്നെ യഥാർഥത്തിൽ പുറത്തുവന്നു. 1933 ൽ മഹാത്മാഗാന്ധിയുടെ നിർദേശമനുസരിച്ച് കൂട്ടായ നിയമലംഘനം നിർത്തിവെക്കുകയും വ്യക്തിസത്യഗ്രഹം മാത്രം നടത്തുകയും ചെയ്യാൻ കോൺഗ്രസ് തീരുമാനിച്ചതിനെത്തുടർന്ന് അന്ന് ജയിലിൽ ഉള്ള കോൺഗ്രസ് സത്യഗ്രഹികളിൽ ബഹുഭൂരിപക്ഷത്തെയും വിടാൻ ഗവൺമെന്റ് തീരുമാനിച്ചു. പ്രസ്ഥാനത്തിൽ വളരെ ഉയർന്ന പദവിയിലിരുന്ന ഏതാനും പേരെ മാത്രമാണ് വിടാതെ ജയിലിൽവെച്ചത്. ഇങ്ങനെ ബഹുഭൂരിപക്ഷം തടവുകാരെ വിട്ടയച്ച കൂട്ടത്തിൽ ഞാനുംപെട്ടു. അങ്ങനെ 1933 ആഗസ്ത് 31-ന് ഞാനടക്കം പലരും പുറത്തുവന്നു.

അന്നത്തെ പതിവനുസരിച്ച് തടവുകാരെ മൂന്നുതരമായി തിരിച്ചിരുന്നു-എ ബി സി. ഇതിൽ ഏറ്റവും ഉയർന്ന എ ക്ലാസിലാണ് എന്നെപ്പെടുത്തിയത്. മദിരാശി സംസ്ഥാനത്തിലുള്ള എ ക്ലാസ് തടവുകാരെ മുഴുവൻ പാർപ്പിച്ചിരുന്നത് വെല്ലൂർ ജയിലിലായിരുന്നു. അതുകൊണ്ട് എന്റെ ജയിൽ ജീവിതത്തിന്റെ ഭൂരിഭാഗവും അവിടെയാണ് കഴിച്ചുകൂട്ടിയത്. കോടതിയിൽനിന്ന് നിശ്ചയിക്കുന്ന ക്ലാസുകാർക്ക് സ്ഥിരീകരണം നൽകുന്നത് ഗവൺമെന്റായിരുന്നതിനാൽ അതിന് ഏതാണ്ട് ഒരു മാസത്തോളം പിടിച്ചു. അതേവരെ കണ്ണൂർ സെൻട്രൽ ജയിലിലാണ് കഴിച്ചുകൂട്ടിയത്. അറസ്റ്റുചെയ്ത് ശിക്ഷിച്ച് കണ്ണൂരിലേക്ക് പോകുന്നതുവരെ കോഴിക്കോട്ട് സബ്ജയിലിലും.

കണ്ണൂർ ജയിലിൽ അന്നുണ്ടായിരുന്ന സത്യഗ്രഹികളിൽ ബഹുഭൂരിപക്ഷവും സി ക്ലാസുകാരായിരുന്നു. പിന്നീടുള്ള എന്റെ രാഷ്ട്രീയ ജീവിതത്തിൽ സഹപ്രവർത്തകരായി വന്ന പലരും അതിലായിരുന്നു. എന്നാൽ അവരെയും ഞങ്ങളെയും വേറെ വേറെ സ്ഥലങ്ങളിലാണ് പാർപ്പിച്ചിരുന്നത്. ഞങ്ങൾക്ക് പരസ്പരം കാണാനോ സംസാരിക്കാനോ ഉള്ള സൗകര്യം വളരെ കുറവാണ്. എ ബി ക്ലാസുകളിൽപ്പെട്ട ഒരു ഡസനോളം തടവുകാരെ മാത്രം വേറെ ഒരു സ്ഥലത്ത് പാർപ്പിച്ചിരിക്കുകയാണ്. ജയിലറുടെയോ സൂപ്രണ്ടിന്റെയോ ആപ്പീസുകളിലേക്കോ, ആശുപത്രിയിലേക്കോ പോകുന്ന അവസരത്തിൽ മാത്രമാണ് സി ക്ലാസുകാരെ കാണാൻ കഴിയുക.

**ചിന്ത പബ്ലിഷേഴ്സ്**
**ദേശാഭിമാനി ബുക്ക് ഹൗസ്**
എ.കെ.ജി. സെന്ററിന് സമീപം,
**തിരുവനന്തപുരം**
www.chinthapublishers.com

## ബ്രാഞ്ചുകൾ

| | | | |
|---|---|---|---|
| കണ്ണൂർ | : | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ്, കണ്ണൂർ | ☎ 9995935862 |
| കണ്ണൂർ | : | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര | ☎ 9562282676 |
| കോഴിക്കോട് | : | മാവൂർ റോഡ്, ടി വി എസിനു സമീപം, കോഴിക്കോട് | ☎ 9497081715 |
| കോഴിക്കോട് | : | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ, കോഴിക്കോട് | ☎ 9495413660 |
| തൃശ്ശൂർ | : | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ, തൃശ്ശൂർ | ☎ 8547515541 |
| തൃശ്ശൂർ | : | എക്സിബിഷൻ യൂണിറ്റ്, സി പി രമേശൻ, തൃശ്ശൂർ | ☎ 9961652484 |
| എറണാകുളം | : | കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ, എറണാകുളം | ☎ 9946164198 |
| തിരുവനന്തപുരം | : | കരിമ്പനാൽ സ്റ്റാച്യു അവന്യൂ, തിരുവനന്തപുരം | ☎ 8301829126 |
| തിരുവനന്തപുരം | : | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ്, തിരുവനന്തപുരം | ☎ 7012161854 |
| തിരുവനന്തപുരം | : | കെ എസ് ആർ ടി സി, തമ്പാനൂർ, തിരുവനന്തപുരം | ☎ 9496200565 |
| തിരുവനന്തപുരം | : | സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം | ☎ 9745246406 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905 ▯ ചീരാൽ റോഡ്, ചുങ്കം, സുൽത്താൻബത്തേരി ☎ 9447447286 ▯ പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615 ▯ വൈപ്പിൻ ബസ്സ്റ്റാന്റ്, വൈപ്പിൻ ☎ 9446828332 ▯ നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671 ▯ കോട്ടയം: പോസ്റ്റാഫീസ് റോഡ്, കോട്ടയം ☎ 8075937583 ▯ തിരുവനന്തപുരം: ഓവർബ്രിഡ്ജ്, തിരുവനന്തപുരം ☎ 9496141638 ▯ ഇ എം എസ് അക്കാദമി തിരുവനന്തപുരം ▯ കുറ്റനാട് ☎ 9447765993 ▯ കാഞ്ഞങ്ങാട് ☎ 9995948808 ▯ നിലമ്പൂർ ☎ 9447630679 ▯ തൃശ്ശൂർ ☎ 9388987309

## ചിന്ത ബുക്സ് കോർണറുകൾ

പയ്യന്നൂർ: ഡിസംബർ ബുക്സ് ☎ 9847504233 ▯ തലശ്ശേരി: ഓപ്പൺബുക്സ് ☎ 9847503242 ▯ പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851 ▯ കോട്ടയം: ഗ്രാന്റ് ബുക്സ്, ടി ബി റോഡ് ☎ 04812566800 ▯ ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226 ▯ പത്തനംതിട്ട: പുസ്തകശാല, പത്തനംതിട്ട ☎ 9447278762 ▯ അഞ്ചപ്പം, റാന്നി ☎ 9745050981 ▯ കടയ്ക്കൽ: എം ആർ എസ് ന്യൂസ് കോർണർ ☎ 9447012462 ▯ കൊല്ലം: ഗ്രന്ഥപ്പുര, ചിന്നക്കട, കൊല്ലം ☎ 9497755727 പുസ്തകവീട്, കരുനാഗപ്പള്ളി ☎ 9447091802 ▯ പുസ്തകസരസ്സ്, പ്രസ് ക്ലബ്ബിന് എതിർവശം, കുന്നുമ്മൽ, മഞ്ചേരി റോഡ്, മലപ്പുറം - 676505 ☎ 6282527443 ▯ പഗോഡ ബുക്ആർട്ട്, കാഞ്ഞിരമറ്റം ബൈപ്പാസ് റോഡ്, ആക്സിസ് ബാങ്കിന് സമീപം, തൊടുപുഴ ☎ 9495495360 ▯ ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ ☎ 7592858969 ▯ ദർശനം ബുക്സ്, ധനുവച്ചപുരം ☎ 9446967575 ▯ റാഷണൽ ബുക്മാർക്കറ്റ്, പട്ടത്താനം, കൊല്ലം ☎ 9074627416 ▯ സ്കൂൾ മാർട്ട്, ഹൈസ്കൂൾ ജംഗ്ഷൻ, പറക്കോട്, പത്തനംതിട്ട

## അംഗീകൃത ഏജന്റുമാർ

തിരുവനന്തപുരം: ശിവൻ, പത്രമാസിക ഏജന്റ് ☎ 9447262761 ▯ കരുനാഗപ്പള്ളി: തൊടിയൂർ രാധാകൃഷ്ണൻ ☎ 9847015212 ▯ ആലപ്പുഴ: സലിം ഡി ☎ 9496017648, ഷാജി ☎ 9349758047 ▯ ഇടുക്കി: പി പി സുനിൽ അടിമാലി ☎ 9446800706 ▯ തൃശ്ശൂർ: മൊയ്നുദീൻ ☎ 9526486313 ഷെരീഫ് ☎ 7510710703 ▯ പാലക്കാട്: ശശി ☎ 9495502434, കൃഷ്ണകുമാർ ☎ 9447623191 ലളിത ☎ 9656197748 പ്രസാദ് ഒറ്റപ്പാലം ☎ 9567223207 ▯ കോഴിക്കോട്: ശ്രീനിവാസൻ ☎ 9447390280 സജീവൻ മാണിക്കോത്ത് ▯ 9388545700 വാസുദേവൻ ☎ 8086267793 മോഹൻദാസ് ബി വി ☎ 9745489903 നിതിൻമൂടാടി ☎ 9745201535 രവീന്ദ്രൻ ടി എം ☎ 9388960073, നൗഷാദ് ▯ കണ്ണൂർ: രാജേഷ് കെ വി, കണ്ണൂർ ഠൗൺ ▯ 9895025920 സതീഷ്, ബാംഗ്ലൂർ ☎ 9448212262 എബിഫ്രാൻസിസ് ☎ 9633288802

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

കേരള ബുക്മാർക്കറ്റിങ് സൊസൈറ്റിയുടെ എല്ലാ പുസ്തകശാഖകളിലും, സി ഐ സി സി ബുക്ക്ഹൗസിലും, ഡിസി ബുക്സിലും മാതൃഭൂമി ബുക്സിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്,
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com (w) www.chinthapublishers.com

50 YEARS

# കക്കോടി സർവ്വീസ് സഹകരണ ബേങ്ക്, ക്ലിപ്തം

നമ്പർ ഡി. 2725 | പി.ഒ. കക്കോടി | കോഴിക്കോട് – 673611
ഹെഡ് ഓഫീസ് കക്കോടി ബസാർ | ഫോൺ: 2267966 | email: kakkodiscb@gmail.com



**ബ്രാഞ്ചുകൾ:**

- മെയിൻ ബ്രാഞ്ച്
  ഫോൺ: 8086667966
- ചെറുകുളം,
  ഫോൺ 2266034,
- കിഴക്കുംമുറി
  ഫോൺ : 2961266

## സേവനങ്ങൾ

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- ലോക്കർ സൗകര്യം ലഭ്യമാണ്
- വിവിധതരം വായ്പാ പദ്ധതികൾ
- ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം (കുറി)



സ്വർണ്ണാഭരണപണയ വായ്പ കുറഞ്ഞ പലിശനിരക്കിൽ ഏറ്റവും വേഗത്തിൽ

**RTGS, NEFT സൗകര്യം ലഭ്യമാണ്**


jan aushadhi
Quality Medicines At Affordable Prices for All
പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം
JAN AUSHADHI MEDICAL STORE
ഇംഗ്ലീഷ് മരുന്ന് ഷോപ്പ്
എരക്കുളം, കനറാ ബാങ്കിനു സമീപം, കക്കോടി
80% വരെ വില കുറവ്

നീതി മെഡിക്കൽ സ്റ്റോർ
എരക്കുളം, കനറാ ബാങ്കിനു സമീപം, കക്കോടി




വി.മുകുന്ദൻ
പ്രസിഡന്റ്

എം.സി.റീജിൽ കുമാർ
സെക്രട്ടറി

MARCH - 2024
Date of Publishing: 20/03/2024
Price Rs.10.00

CHINTHA PUSTHAKAVARTHA
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




**Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM**